# ST. MICHAEL'S LPS

# MANACHERRY

# ACADEMIC MASTERPLAN

# 2025-26

# ആമുഖം

കൊച്ചി കോർപ്പറേഷൻ 23 ാം ഡിവിഷനിൽ മാനാശ്ശേരി സെന്റ് മൈക്കിൾസ് ദേവാലയത്തിന് എതിർവശത്തായുള്ള വിദ്യാലയമാണ് മാനാശ്ശേരി സെന്റ് മൈക്കിൾസ് LP സ്കൂൾ. മാനാശ്ശേരി തീരപ്രദേശത്തെ നിർധനരായ ക്രൈസ്തവ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി 1926-ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. 1927 ഒക്ടോബർ 13 ാം തീയതി ഈ വിദ്യാലയത്തിന് സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചു. ആരംഭത്തിൽ 300 വിദ്യാർത്ഥികളും 9 അധ്യാപകരും ഈ വിദ്യാലയത്തിലുണ്ടായിരുന്നു. 1971-ൽ ഈ വിദ്യാലയം ആലപ്പുഴ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിന് കീഴിലായി. നിർധനരായ മത്സ്യത്തൊഴിലാളികൾ മാത്രം താമസിക്കുന്ന ഈ കടലോര പ്രദേശത്തെ കുട്ടികൾക്ക് ഈ വിദ്യാലയം മാത്രമായിരുന്നു വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം.

ഈ വിദ്യാലയത്തിൽ ഇപ്പോൾ 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 192 കുട്ടികളും 4 അധ്യാപകരുമുണ്ട്. വിദ്യാലയത്തിനോട് ചേർന്ന് പ്രീ-പ്രൈമറിയും പ്രവർത്തിക്കുന്നു. പ്രീ-പ്രൈമറിയിൽ 102 കുട്ടികൾ പഠിക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയത്തിന്റെ ഒഴുക്കിൽപ്പെട്ട് മലയാളം മീഡിയം മാത്രമായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ 2010 - 2012 കാലഘട്ടത്തിൽ കുട്ടികൾ വളരെ കുറഞ്ഞു പോയി. എന്നാൽ കഴിഞ്ഞ

ഏതാനും വർഷങ്ങളായി കുട്ടികളെ പഠനമികവിൽ എത്തിക്കുന്ന-
തിന് അധ്യാപകർ, രക്ഷിതാക്കളുടെയും മാനേജ്മെന്റിന്റേയും സഹ-
കരണത്തോടെ കഠിന പ്രയത്നം ചെയ്തു വരുന്നതിന്റെ
ഫലമായി 2012 മുതൽ കുട്ടികളുടെ എണ്ണം കൂടികൊണ്ടിരിക്കുക-
യാണ്. പ്രീ-പ്രൈമറിയിൽ 2 അധ്യാപകരും, ആവശ്യം കമ്പ്യൂട്ടർ പഠിപ്പി-
ക്കുന്നതിന് ഒരു അധ്യാപികയും കലാകായിക പ്രവൃത്തി പരിച-
യത്തിന് ഒരു അധ്യാപികയും ഈ സ്കൂളിൽ സേവനം അനു-
ഷ്ഠിച്ചു വരുന്നു. വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം
ചെയ്ത് പഠന നിലവാരം ഉയർത്തുന്നതിനായി പരിശ്രമിച്ചു.
രാവിലെ ക്ലാസ്സുകൾ 9 മണിക്കുതന്നെ ആരംഭിക്കുന്നു. വൈകു-
ന്നേരം 4 മണി വരെ തുടരുന്നു. 200 പ്രവൃത്തി ദിനങ്ങൾ അല്ലെ-
ങ്കിൽ 1000 മണിക്കൂർ എന്നത് കൃത്യമായി പാലിക്കുന്നു. ഇംഗ്ലി-
ഷ് പ്രത്യേക പ്രാധാന്യം നല്കി പഠിപ്പിക്കുന്നു. വൈവിധ്യമാർന്ന
പ്രവർത്തനങ്ങൾ ഉൾപ്പെടുത്തികൊണ്ട് ഇംഗ്ലീഷിലും മലയാള-
ത്തിലും നടത്തുന്ന സ്കൂൾ അസംബ്ലി, നന്നായി ആസൂത്രണം
ചെയ്ത് തയ്യാറാക്കുന്ന പഠനപ്രവർത്തനങ്ങൾ, ദിവസേനയുള്ള
മൂല്യ നിർണയ പ്രവർത്തനങ്ങൾ, കൃത്യമായി നടത്തുന്ന ക്ലാസ്സ്
PTA കൾ, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 9 മണി മുതൽ
9.45 വരെ നടത്തുന്ന പരിഹാര ബോധന പ്രവർത്തനങ്ങൾ,
ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന വർക്ക്ഷീറ്റുകൾ

ക്ലബ്ബ് പ്രവർത്തനങ്ങൾ ഇവയിലൂടെയെല്ലാം കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനും സാധിക്കുന്നു.

## നേട്ടങ്ങൾ

കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ സാധിച്ചതിലൂടെ സമൂഹത്തിന് വിദ്യാലയ പ്രവർത്തനങ്ങളിലുള്ള വിശ്വാസം വർധിച്ചു, അഡ്മിഷൻ വർധിച്ചു. 2012 മുതൽ അൺഎക്കണോമിക് ആയിരുന്ന ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വളരെയധികം ഉയർന്നു. വിദ്യാലയം എക്കണോമിക് വിഭാഗത്തിലേക്ക് ഉയർന്നു.

| | പ്രീ-പ്രൈമറി | | | 1 മുതൽ 4 വരെ | | | |
|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | രണ്ടുംകൂടി |
| 2012 - 13 | 32 | +18 | = 50 | 25 | + 33 | = 58 | 108 |
| 2013 - 14 | 32 | +22 | = 54 | 41 | + 35 | = 76 | 130 |
| 2014 - 15 | 36 | +28 | = 64 | 52 | + 40 | = 92 | 156 |
| 2015 - 16 | 47 | +26 | = 73 | 69 | + 46 | = 115 | 188 |
| 2016 - 17 | 51 | +29 | = 80 | 75 | + 45 | = 120 | 200 |
| 2015 - 18 | 45 | +28 | = 73 | 84 | + 49 | = 133 | 206 |
| 2018 - 19 | 43 | +41 | = 84 | | | 147 | 231 |
| 2019 - 20 | 39 | +46 | = 85 | | | 150 | 235 |
| 2020 - 21 | | | = 81 | | | 184 | 265 |
| 2021 - 22 | | | | | | 159 | 278 |
| 2022 - 23 | 64 | + 55 | = 119 | | | | |
| 2023 - 24 | 83 | + 50 | = 133 | 103 | + 71 | = 174 | 307 |
| 2024 - 25 | 74 | + 54 | = 128 | 107 | + 64 | = 171 | 299 |

കഴിഞ്ഞ കുറച്ചു വർഷങ്ങളായി സ്കൂളിൽ "അക്ഷരോത്സവം" എന്ന പദ്ധതി നടത്തി വരുന്നു. പുറത്തു നിന്നുള്ള ഒരു സംഘം അധ്യാപകർ 3, 4 ക്ലാസ്സുകളിലെ കുട്ടികളുടെ മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള വായന, എഴുത്ത്, ഗണിതം, പൊതു-വിജ്ഞാനം എന്നീ ശേഷികൾ വിലയിരുത്തുന്നു. ഇത് രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ നടത്തി കുട്ടികളുടെ പഠന മികവ് അവരെ ബോധ്യപ്പെടുത്തുന്നു.

കൊച്ചി MLA ശ്രീ K.J മാക്സി, കൊച്ചി നിയോജക മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളെയും ഉൾക്കൊള്ളിച്ചു കൊണ്ട് "അക്ഷരദീപം" പരീക്ഷ നടത്തി വരുന്നുണ്ടായിരുന്നു

മട്ടാഞ്ചേരി ഉപജില്ലാ കലോത്സവത്തിൽ പങ്കെടുത്ത കുട്ടികളും അവരുടെ കലാപരമായ ശേഷികളുടെ മികവ് തെളിയിച്ചു. സംഘഗാനത്തിന് A grade ഉം രണ്ടാം സ്ഥാനവും. ദേശഭക്തി ഗാനം, ഡ്രോയിംഗ്, പെയിന്റിംഗ് ഇവയ്ക്ക് A grade ഉം പദ്യം ചൊല്ലൽ (മലയാളം) B grade ഉം ഇംഗ്ലീഷ് പദ്യം ചൊല്ലൽ, പ്രസംഗം ഇവക്ക് C grade ഉം ലഭിച്ചു. സംഘനൃത്തം, മോണോ ആക്ട്, മാപ്പിളപ്പാട്ട് ഇനങ്ങളിലെല്ലാം A ഗ്രേഡ് ലഭിച്ചു. കഥാകഥനമത്സരത്തിന് ഒന്നാം സ്ഥാനവും കരസ്ഥമാക്കി. മൊത്തം 57 പോയിന്റ് നേടി.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

- ഓരോ ക്ലാസ്സിലെയും ചുരുക്കം ചില കുട്ടികൾ വായനയിലും എഴുത്തിലും പിന്നോക്കാവസ്ഥയിലുണ്ട്. ബുദ്ധിപരമായ കുറവും രക്ഷിതാക്കളുടെ പിന്തുണയില്ലായ്മയും വീട്ടിലെ സാഹചര്യങ്ങളും ഒരു പരിധി വരെ ഇതിനു കാരണവുമാണ്.

മുഴുവൻ കുട്ടികളിലും വായനാശീലം വളർത്തുന്നതിനും വായന ഒരു സംസ്കാരമായി മാറ്റിയെടുക്കുന്നതിനും സാധിച്ചിട്ടില്ല.

ഗണിതശേഷികളിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുണ്ട്.

കലാകായിക പ്രവൃത്തി പരിചയശേഷികൾ ഇനിയും പല കുട്ടികളിലും വികസിപ്പിക്കേണ്ടതുണ്ട്. കൂടുതൽ അവസരങ്ങൾ ലഭിക്കണം.

ഇംഗ്ലീഷ് ആശയവിനിമയശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.

LSS സ്കോളർഷിപ്പ് പരീക്ഷകളിൽ മികവ് പുലർത്താൻ സാധിക്കുന്നില്ലായിരുന്നുവെങ്കിലും കുറച്ചു വർഷങ്ങളായി കഠിനാധ്വാനത്തിന്റെ ഫലമായി LSS സ്കോളർഷിപ്പ് ലഭിച്ചുവരുന്നു.

രക്ഷിതാക്കൾക്ക് പല കാര്യങ്ങളിലും ശരിയായ ബോധവൽക്കരണം ലഭിച്ചിട്ടില്ല. ചില കുട്ടികൾക്ക് പിന്തുണ ലഭിക്കുന്നില്ല.

CWSN കുട്ടികൾക്ക് മുഖ്യധാരയിലെത്താൻ കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിലും Special teacher മാരുടെ സഹായം കൊണ്ട് ഇവർ കലാരംഗത്തും
എല്ലാ കുട്ടികൾക്കും നേതൃത്വവാസന സാധ്യമായിട്ടില്ല.

അധ്യാപക ലൈബ്രറി പ്രവർത്തനക്ഷമമായിട്ടില്ല.

- സ്മാർട്ട് ക്ലാസ്സറൂം ഇല്ല. കമ്പ്യൂട്ടറുകൾ ഇനിയും, ലാപ്ടോപ്, പ്രൊജക്ടർ ഇവ ലഭ്യമാകണം.
- 2 ഡിവിഷനുകൾക്കുള്ള കുട്ടികൾ ഉണ്ടെങ്കിലും ക്ലാസ്സുമുറികൾ ഇല്ലാത്തതിനാൽ ഒരു ഡിവിഷൻ ആയി പ്രവർത്തിക്കുന്നു.
- സ്ഥല പരിമിതി സുഗമമായ ക്ലാസ്സ്‌റൂം പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു.
- സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളും അതതു ക്ലാസ്സിൽ നേടേണ്ട മുഴുവൻ പഠനശേഷികളും കൈവരിക്കുന്നില്ല.

## പൊതുലക്ഷ്യങ്ങൾ

- 1 മുതൽ 4 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും മലയാളം, ഇംഗ്ലീഷ് എന്നി ഭാഷകളിൽ ഒഴുക്കോടെ വായിക്കുന്നതിനും എഴുതുന്നതിനും കഴിവുള്ളവരാക്കും.
- മുഴുവൻ കുട്ടികളിലും വായനാശീലം വളർത്തുകയും വായന ഒരു സംസ്കാരമാക്കി വളർത്തുകയും ചെയ്യും.
- സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി, അധ്യാപക ലൈബ്രറി ഇവയുടെ പരമാവധി ഉപയോഗം ഉറപ്പു വരുത്തും.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും, അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും.

ഓരോ ക്ലാസ്സിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും CWSN കുട്ടികൾക്കും പ്രത്യേക പരിഗണന നല്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് (SSA യുടെ പ്രോജക്ടുകളായ മലയാളത്തിളക്കം, ശ്രദ്ധ, ഗണിത വിജയം മുതലായവ) മുഖ്യധാരയിലെത്തിക്കും.

- സ്കൂളിലെ മുഴുവൻ കുട്ടികളിലും ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയ ശേഷി വളർത്തും Hello English പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകും.
- മുഴുവൻ കുട്ടികളുടെയും യുക്തി ചിന്ത വളർത്തുകയും ഗണിത ക്രിയകൾ അനായാസം ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യും. (സംഖ്യാ വ്യാഖ്യാനം, പ്രശ്നപരിഹാരം തുടങ്ങിയവ)
- 4 ാം ക്ലാസ്സിലെ യോഗ്യതയുള്ള കുട്ടികളെ L.S.S പരീക്ഷയിൽ പങ്കെടുപ്പിച്ച് സ്കോളർഷിപ്പിന് അർഹരാക്കും.
- സ്കൂളിലെ മുഴുവൻ കുട്ടികളിലും അന്തർലീനമായിരിക്കുന്ന കലാകായിക പ്രവൃത്തി പരിചയ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിന് സ്കൂൾ ഒരു Talent Lab ആക്കും.
- കലാകായിക പ്രവൃത്തി പരിചയ മേഖലയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിച്ച് ക്ലസ്റ്റർ മത്സരങ്ങളിലും ഉപജില്ല മത്സരങ്ങളിലും പങ്കെടുപ്പിച്ച് വിജയം കരസ്ഥമാക്കും.

- CWSN കുട്ടികളെ, അവർക്കായി BRC നടത്തുന്ന മേളകളിൽ പങ്കെടുപ്പിക്കും.
- അധ്യാപക ശാക്തീകരണം ഉറപ്പു വരുത്തും. അധ്യാപക ലൈബ്രറി പ്രവർത്തനക്ഷമമാക്കും. ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തും
- കുട്ടികളുടെ വിവിധങ്ങളായ കഴിവുകളെ അന്താരാഷ്ട്ര-നിലവാരത്തിലേക്ക് ഉയർത്തും.
- ഓരോ ക്ലാസ്സിലെയും പാഠഭാഗങ്ങളിൽ ICT സാധ്യതകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കും.
- കുട്ടികളുടെ പഠനനിലവാരം CPTA സംഘടിപ്പിച്ചും "അക്ഷരോത്സവം" പോലുള്ള പരിപാടികൾ നടത്തിയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തും.
- മുഴുവൻ കുട്ടികളെയും വിവര സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ഉള്ളവരാക്കും.
- കാര്യക്ഷമമായി മോർണിംഗ് അസംബ്ലി നടത്തി കുട്ടികളിലെ അച്ചടക്കം, കൃത്യനിഷ്ഠ, നേതൃത്വവാസന ഇവ വികസിപ്പിക്കും.
- 15 കുട്ടികൾ വീതമുള്ള Talent group-കൾ രൂപീകരിച്ച് പരിശീലനം നൽകും.
- സർഗ്ഗോത്സവം, സ്കൂൾ വാർഷികം ഇവ നടത്തി പ്രതിഭകൾക്ക്

സംഗമവേദിയും അവസരവും ഒരുക്കും.

- വിവിധ ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികൾക്ക് ചുമതലകൾ നല്കി നേതൃത്വഗുണം വളർത്തും.
- രക്ഷിതാക്കൾക്ക് ശരിയായ ബോധവൽക്കരണം നല്കും.
- ഒരു അക്കാദമിക വർഷത്തിൽ 5 ക്ലാസ്സ് PTA കളും 3 കോർണർ PTA യും നടത്തും. കുട്ടികളുടെ മികവുകൾ അവതരിപ്പിക്കും.
- ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കും. സ്കൂൾ ക്യാമ്പസ് ഒരു പാഠ പുസ്തകമാക്കും.
- സ്കൂളിൽ പ്ലാസ്റ്റിക് നിരോധിച്ച് Green Protocol നടപ്പിലാക്കും. Green Campus യാഥാർത്ഥ്യമാക്കും. പുതിയ സ്കൂൾ കെട്ടിടം പണിത് ക്ലാസ്സ്മുറികളുടെ എണ്ണം വർധിപ്പിച്ച് 1 മുതൽ 4 വരെ ക്ലാസ്സുകൾ 2 ഡിവിഷൻ വീതമാക്കും.
- കുട്ടികൾക്ക് ഒരു കിഡ്സ് പാർക്ക് സാധ്യമാക്കും.
- സ്മാർട്ട് ക്ലാസ്സ്റൂം എന്നത് യാഥാർത്ഥ്യമാക്കും.
- ടോയ്ലറ്റുകൾ വൃത്തിയായി സൂക്ഷിക്കുകയും കുട്ടികളിൽ വ്യക്തി ശുചിത്വം പരിശീലിപ്പിക്കുകയും ചെയ്യും.
- PTA യുടെ സഹകരണത്തോടെ ക്ലാസ്സ് ലൈബ്രറി വിപുലീകരിക്കും. ആവശ്യമുള്ളത്ര പുസ്തകങ്ങൾ സമാഹരിക്കും.

- പൂർവ്വ വിദ്യാർഥി സംഘടന രൂപീകരിക്കും.
- MLA, MP ഇവരുടെ ഫണ്ടുകൾ ലഭ്യമാക്കി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തും.
- PTA യുടെ സഹകരണത്തോടെ ദിനാചരണങ്ങൾ നടത്തി ഓരോ ദിനവും അനുഭവവേദ്യമാക്കും.

# അക്കാദമിക പ്രവർത്തനങ്ങൾ

## പ്രവർത്തനം I

മേഖല - അക്കാദമികം ഉപമേഖല - മലയാളം, ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും വായനാശീലം വളർത്തുക, ആനുകാലികസംഭവങ്ങളെക്കുറിച്ച് ധാരണ നേടുക | ലൈബ്രറി വികസനം മലയാള മനോരമയുമായി ചേർന്ന് സ്കൂളിൽ വായനാക്കളരി | ജൂൺ 19 മുതൽ മാർച്ച് 31 വരെ | ക്ലാസ്സധ്യാപകർ | മലയാള മനോരമ ഓഫീസിൽ അടയ്ക്കേണ്ട തുക - 9500 രൂപ. X<sup></sup>th batch 1980 Mundanveli |

## പ്രവർത്തനം 2

മേഖല - അക്കാദമികം ഉപമേഖല - ലൈബ്രറിശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശാക്തീകരണം. വായനാസംസ്കാരമായി കുട്ടികളിൽ വളർത്തിയെടുക്കുക. | ലൈബ്രറി പുസ്തക ശേഖരണം, പുസ്തകവിതരണം, വായനാപ്രവർത്തനങ്ങൾ നടത്തൽ വെബ്ബിലൂടെയുള്ള വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സധ്യാപകർ | പുസ്തകം വാങ്ങൽ (parents) |

## പ്രവർത്തനം 3

മേഖല - അക്കാദമികം ഉപമേഖല - എല്ലാ വിഷയങ്ങളിലും പരിഹാരബോധനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ വിഷയങ്ങളിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിഹാരബോധനം നൽകി മുൻനിരയിലെത്തിക്കുന്നു. | 9 മണിമുതൽ 9.40 വരെ ഓരോ കുട്ടിക്കും പ്രത്യേകം ശ്രദ്ധ നൽകുന്നു മലയാളം, ഇംഗ്ലീഷ്, എന്നീ വായനാപുസ്തകങ്ങൾ [illegible] | ജൂലൈ മുതൽ ഫെബ്രുവരി വരെ | ക്ലാസ്സധ്യാപകർ | |

## പ്രവർത്തനം 4

അക്കാദമികം - ഉപമേഖല - നിരന്തരമൂല്യനിർണയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ ആർജിച്ചു എന്ന് ഉറപ്പുവരുത്തുന്നു. | എല്ലാ ദിവസവും മൂല്യനിർണയം പ്രത്യേകം രേഖ ഓരോ കുട്ടിക്കും സൂക്ഷിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | — |

## പ്രവർത്തനം 5

മേഖല അക്കാദമികം ഉപമേഖല - ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഇംഗ്ലീഷ് സംസാരിക്കാനുള്ള പ്രാവീണ്യം നേടുന്നു. | Hello English അധിക പ്രവർത്തനങ്ങൾ | ജൂലൈ 1 മുതൽ മാർച്ച് 31 | അധ്യാപകർ, മാനേജ്മെന്റ് ചുമതലപ്പെടുത്തിയിരിക്കുന്നവർ. | മാനേജ്മെന്റ് |

പ്രവർത്തനം - 6

മേഖല - അക്കാദമികം ഉപമേഖല - ~~ഇംഗ്ലീഷ് ക്ലബ്~~ ഗണിതം -

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളുടെയും യുക്തിചിന്ത വളർത്തി ഗണിതക്രിയകൾ അനായാസമാക്കുന്നതിന് പ്രാപ്തരാക്കുന്നു. | ഗണിതകിറ്റ് ഗണിതകേളികൾ എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

പ്രവർത്തനം 7

മേഖല - അക്കാദമികം, ഉപമേഖല LSS പരീക്ഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| IV-ാം ക്ലാസ്സിലെ യോഗ്യതയുള്ള കുട്ടികളെ LSS പരീക്ഷയിൽ പങ്കെടുപ്പിച്ച് സ്കോളർഷിപ്പിന് അർഹരാക്കുന്നു | LSS പരീക്ഷക്ക് പരിശീലനം | ഒക്ടോബർ മുതൽ ജനുവരി വരെ | IV-ാം ക്ലാസ്സ് അധ്യാപകർ | |

## പ്രവർത്തനം 8

മേഖല - അക്കാദമികം  ഉപമേഖല - ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക മേഖല |
|---|---|---|---|---|
| മുഴുവൻ കുട്ടികളുടെയും അഭിരുചി വളർത്തി സർഗ്ഗാത്മക ക്രിയകൾ ആവിഷ്കാരം ചെയ്യുന്നതിന് പ്രാപ്തരാക്കുക | കലാ-കായിക പ്രവൃത്തിപരിചയ അധ്യാപികയുടെ സഹായത്തോടെയുള്ള പരിശീലനം | ആഗസ്റ്റ് മുതൽ നവംബർ വരെ | കലാ-കായിക പ്രവൃത്തിപരിചയ അധ്യാപിക. | |

## പ്രവർത്തനം 9

മേഖല - അക്കാദമികം  ഉപമേഖല - കലാ കായിക പ്രവൃത്തി പരിചയമേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക മേഖല |
|---|---|---|---|---|
| കുട്ടികളുടെ കഴിവുകൾ കണ്ടെത്തി ഉപജില്ലാ മേളകളിൽ പങ്കെടുപ്പിക്കുന്നു | സ്കൂൾ കലോത്സവം നടത്തി കുട്ടികളെ കണ്ടെത്തൽ. ഉപജില്ലയിൽ പങ്കെടുക്കുന്നതിന് അവസരം. | ആഗസ്റ്റ് മുതൽ നവംബർ വരെ | HM പ്രത്യേക അധ്യാപിക | രക്ഷിതാക്കൾ. |

## പ്രവർത്തനം 10

മേഖല - അക്കാദമികം  ഉപമേഖല - അധ്യാപക ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപകർക്ക് റഫറൻസിനുള്ള പുസ്തകങ്ങൾ കണ്ടെത്തുന്നു. | അധ്യാപക ലൈബ്രറി വിലപ്പെട്ട പുസ്തകസമാഹരണം | ജൂൺ | HM ലൈബ്രറിയിൽ ചാർജുള്ള അധ്യാപിക. | |

## പ്രവർത്തനം - 11

മേഖല - അക്കാദമികം ഉപമേഖല - ടാലന്റ് ഗ്രൂപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സമാന അഭിരുചി ഉള്ള കുട്ടികളെ (5 പേർ വീതം) ടാലന്റ് ഗ്രൂപ്പുകളായി തിരിച്ച് പരിശീലനം നൽകുന്നു. വേദി ഒരുക്കുന്നു. | കുട്ടികളുടെ സംഗീതം, നൃത്തം, പ്രസംഗം, അഭിനയം, ചിത്രരചന, ഗ്രന്ഥ പരിചയം, കവിത, കഥ, sports തുടങ്ങി അഭിരുചിക്കനുസരിച്ച് പരിശീലനം. | ജൂലൈ മുതൽ മാർച്ച് വരെ | PTA പ്രത്യേകം നിയമിച്ച അധ്യാപിക | ചെലവ് രക്ഷിതാക്കൾ വഹിക്കുന്നു. |

## പ്രവർത്തനം 12

മേഖല - അക്കാദമികം ഉപമേഖല - ICT സാധ്യതകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഓരോ ക്ലാസ്സിലെയും പാഠഭാഗത്തിൽ ICT സാധ്യതകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സധ്യാപകർ | |

## പ്രവർത്തനം 13

മേഖല - അക്കാദമികം ഉപമേഖല - വിവരസാങ്കേതികപരിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം. |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും വിവരസാങ്കേതികവിദ്യയിൽ പരിജ്ഞാനം ഉള്ളവരാക്കുന്നു. | കമ്പ്യൂട്ടർ പരിശീലനം കൂടിപ്പെട്ടി | ജൂൺ മുതൽ മാർച്ച് വരെ | കമ്പ്യൂട്ടർ അധ്യാപിക | |

## പ്രവർത്തനം 14.

മേഖല - അക്കാദമികം ഉപമേഖല - ശലഭവൈവിധ്യോദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശലഭവൈവിധ്യോദ്യാനം നിർമ്മിക്കുന്നു | പാഠപുസ്തകവുമായി ബന്ധപ്പെട്ട് സസ്യങ്ങൾ, വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നു. പരിപാലനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സധ്യാപകർ | Staff fund 5000/- |

## പ്രവർത്തനം 15

മേഖല - അക്കാദമികം ഉപമേഖല - CPTA കോർണർ PTA

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| CPTA, Corner PTA സംഘടിപ്പിക്കുന്നു - പഠന നിലവാരം, മികവുകൾ ബോധ്യപ്പെടുത്തുന്നു. | CPTA സംഘടിപ്പിക്കുന്നു. പഠനനിലവാരം ബോധ്യപ്പെടുത്തുന്നു. മികവ് ബോധ്യപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സധ്യാപകർ | |

## പ്രവർത്തനം 16.

മേഖല - അക്കാദമികം, ഉപമേഖല - സ്മാർട്ട് ക്ലാസ്സ്റൂം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ലാപ്ടോപ്പുകളും പ്രൊജക്ടറുകളും ഉപയോഗിച്ച് പഠനശേഷികൾ അനുഭവവേദ്യമാക്കുന്നു. | പഠനപ്രവർത്തനങ്ങൾക്ക് യോജിച്ച video കൾ തിരഞ്ഞെടുത്ത് പ്രൊജക്ടറുകൾ ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സധ്യാപകർ | |

# തനതു പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും അധ്യാപകരും ഇംഗ്ലീഷ് സംസാരിക്കുവാൻ പ്രാപ്തരാക്കുന്നു. | *ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് day ആയി ആചരിക്കുന്നു<br>* ഇംഗ്ലീഷ് books വായനക്ക് നൽകുന്നു<br>* Description എഴുതുവാൻ നൽകുന്നു.<br>* മൈക്കിലൂടെയുള്ള വായന<br>* ക്ലാസ്സിൽ English-ൽ സംസാരിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സധ്യാപകർ | മാനേജ്മെന്റ്. |